# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3356 10.12.2018 ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് മാനേജ് മെന്റ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനസമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുള്ള ശമ്പള കമ്മീഷൻ ശിപാർശ വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ആയത് നടപ്പിലാക്കുന്നതിനെക്കുറിച്ചും ഏത് കാറ്റഗറിയിലെ ജീവനക്കാരെയാണ് ഫ്രണ്ട് ഓഫീസ് മാനേജ് മെന്റിനായി നിയമിക്കുന്നതെന്നും വിശദമാക്കുമോ; | (എ) | റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23.03.2018 ലെ എൽ.ആർ.എൻ.4/13036/17 -ാം നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | എസ്.എസ്.എൽ.സി യോഗ്യതയുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ശമ്പളം പുനർനിശ്ചയിച്ച് തുല്യയോഗ്യതയുള്ള മറ്റു തസ്തികകളുടേതിനു സമാനമായ ശമ്പളം നൽകുന്നതിനും ഈ തസ്തിക കാലോചിതമായി പരിഷ്കരിച്ച് അപ് ഗ്രേഡ് ചെയ്യാനും ഇവർക്ക് സർവ്വെ പരിശീലനം നൽകാനും നടപടി സ്വീകരിക്കുമോ ; | (ബി) | ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അതാത് തസ്തികയുടെ അധികാര പരിധി എന്നിവയെല്ലാമാണെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത മാത്രം സമാനമായതുകൊണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് റവന്യൂ (റ്റി)1-204/2017/റവ. നമ്പർ ഫയലിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് ചെയിൻ സർവ്വെ ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| (സി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50% പേരെ എൽ.ഡി/വി.എ/ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; റവന്യൂ വകുപ്പിൽ എൽ.ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് മതിയായ പ്രമോഷൻ അവസരങ്ങൾ ഉണ്ടെങ്കിലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റായി പ്രവേശിക്കുന്നവർക്ക് ഈ അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുമോ; വിശദമാക്കുമോ; | (സി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23.03.2018 ലെ എൽ.ആർ.എൻ.4/13036/17 -ാം നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാർക്ക് പ്രമോഷൻ സാധ്യത വളരെ കുറവാണ്. ശരാശരി 15 വർഷമെങ്കിലും പ്രമോഷന് വേണ്ടി കാത്തിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ